# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 4524

28.06.2013-ൽ മറുപടിയ്ക്ക്

## നിർമ്മൽ ഗ്രാമ പുരസ്കാരം നേടിയ ബ്ലോക്കപഞ്ചായത്തുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. കെ. സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര ബ്ലോക്ക് പഞ്ചായത്തുകളാണ് നിലവിലുള്ളത് ; | (എ) **സംസ്ഥാനത്ത് 152 ബ്ളോക്ക് പഞ്ചായത്തുകളാണ് നിലവിലുളളത്.** |
| (ബി) എത്ര ബ്ലോക്ക് പഞ്ചായത്തുകൾക്ക് നാളിതുവരെ നിർമ്മൽ ഗ്രാമപുരസ്കാരം ലഭിച്ചിട്ടുണ്ട് ; | (ബി) **119 ബ്ളോക്ക് പഞ്ചായത്തുകൾക്ക് നാളിതുവരെ നിർമ്മൽ ഗ്രാമ പുരസ്കാരം ലഭിച്ചിട്ടുണ്ട്** |
| (സി) ഇനി എത്ര ബ്ലോക്ക് പഞ്ചായത്തുകൾക്ക് പുരസ്കാരം ലഭിക്കാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (സി) **ഇനി 33 ബ്ളോക്ക് പഞ്ചായത്തുകൾക്ക് നിർമ്മൽ ഗ്രാമ പുരസ്കാരം ലഭിക്കാനുണ്ട്. ജില്ല തിരിച്ചുളള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.** |
| (ഡി) മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകൾക്കും ഈ പുരസ്കാരം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) നിർമൽ ഗ്രാമ പുരസ്കാരം ലഭ്യമാകേണ്ട 33 ബ്ളോക്ക് പഞ്ചായത്ത് പ്രദേശങ്ങളിലെ ഗ്രാമ പഞ്ചായത്തുകളിൽ മുൻ വർഷം സർവേ ടീം കണ്ടെത്തിയ അപാകതകൾ പരിഹരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിർമൽ ഗ്രാമ പുരസ്കാരം ഇനിയും ലഭ്യമാകേണ്ട 19 ഗ്രാമ പഞ്ചായത്തുകളിൽ എല്ലാ കുടുംബങ്ങൾക്കും കക്കൂസ് സൗകര്യങ്ങൾ ഉറപ്പാക്കി. ഇവിടെ തുറസ്സായ സ്ഥലത്ത് മല വിസർജ്ജനം ഒഴിവാക്കപ്പെടുന്നതിനും സ്കൂളുകളിലും അങ്കണവാടികളിലും കക്കൂസ് സൗകര്യം ഉറപ്പാക്കുന്നതിനും പരിസര ശുചിത്വം പാലിക്കപ്പെടുന്ന |

തിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തി ശുചിത്വം, ഗൃഹശുചിത്വം, പരിസര ശുചിത്വം പാലിക്കപ്പെടുന്നതിനനുകൂലമായ മനോഭാവം സൃഷ്ടിക്കുന്നതിനുവേണ്ട വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും പരിശീലനങ്ങളും തുടർച്ചയായി സംഘടിപ്പിക്കുന്നുണ്ട്. നിർമൽ ഗ്രാമ പുരസ്കാരം ലഭ്യമാക്കേണ്ട 33 ബ്ളോക്കുകളിൽപെട്ടതും ഇതിനകം നിർമൽ ഗ്രാമ പുരസ്കാരം ലഭ്യമായതുമായ ഗ്രാമ പഞ്ചായത്തുകളിൽ നിർമൽ സുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

നിർമ്മൽ ഗ്രാമ പുരസ്കാരം ലഭിക്കാനുള്ള 33 ബ്ളോക്ക് പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള വിവരം

| ജില്ല | ബ്ളോക്ക് പഞ്ചായത്തുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 2 |
| കോട്ടയം | 8 |
| ഇടുക്കി | 4 |
| പാലക്കാട് | 8 |
| മലപ്പുറം | 5 |

സെക്ഷൻ ഓഫീസർ